## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.

## പൗരാവകാശ രേഖ

### 1. ലക്ഷ്യം

കേരള സംസ്ഥാനത്തിലെ ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ അടിസ്ഥാന ലക്ഷ്യം. അതതു സ്ഥലങ്ങളിൽ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിയും, പരിസ്ഥിതിയ്ക്ക് ഒട്ടുംതന്നെ ആഘാതം ഉണ്ടാക്കാത്തതുമായ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് അതുവഴി ഗ്രാമവ്യവസായ സംരംഭകർക്ക് ,പ്രത്യേകിച്ചും വനിതകൾക്കും, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ബോർഡ് ഇതുവഴി ലക്ഷ്യമിടുന്നത്. സുതാര്യവും ഉത്തരവാദിത്വപൂർണ്ണവും, കൃത്യവുമായ പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ സ്വയം പര്യാപ്തത വർദ്ധിപ്പിക്കുക എന്നതും ബോർഡിന്റെ ലക്ഷ്യമാണ്. പൌരാവകാശ രേഖ എന്നത്, പൊതുജനങ്ങൾക്ക് നല്ല സേവനങ്ങളും നിർദ്ദേശങ്ങളും യാതൊരുവിധ വിവേചനവും കൂടാതെ ലഭ്യമാക്കാനുള്ള ഒരു രേഖയാണ്. ബോർഡിന്റെ ലക്ഷ്യങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്ക് പൂർണ്ണമായും ബോധ്യപ്പെടുക എന്നുള്ള ഉദ്ദേശ്യവും ഇതുകൊണ്ട് പ്രതീക്ഷിക്കുന്നു. ഒപ്പം പൊതുജനങ്ങളുമായി സൌഹാർദ്ദപരമായ ഒരു സമീപനവും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു.

### 2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ |
|---|---|
| 1. | **പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി)**<br>കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയം ആവിഷ്കരിച്ച് സംസ്ഥാനതലത്തിൽ ഖാദി ബോർഡ് നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലൂടെ അർഹതപ്പെട്ട ഗ്രാമവ്യവസായ സരംഭകർക്ക് , ആകെ പദ്ധതിച്ചെലവിന്റെ 25% മുതൽ 35% വരെ മാർജിൻ മണി (സബ്സിഡി) ലഭ്യമാകുന്നു. |
| 2. | **പ്രത്യേക തൊഴിൽദാന പദ്ധതി(എസ്.ഇ.ജി.പി)**<br>കേരള സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ ബോർഡ് നടപ്പിലാക്കി |

| | |
|---|---|
| | വരുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയാണ് "എന്റെ ഗ്രാമം" എന്ന പേരിൽ അറിയപ്പെടുന്ന പ്രത്യേക തൊഴിൽദാന പദ്ധതി. ഈ പദ്ധതി പ്രകാരം അർഹതയുള്ള ഗ്രാമവ്യവസായ സംരംഭകർക്ക് ആകെ പദ്ധതിച്ചെലവിന്റെ 25% മുതൽ 40% വരെ മാർജിൻ മണി (സബ്സിഡി) നൽകുന്നു. |
| 3 | ഖാദി ബോർഡ് മുഖാന്തിരമുള്ള പരമ്പരാഗത തൊഴിൽ സംരംഭകർക്ക് ജി.എസ്.ടി ബാദകമാകുന്നതിനു മുമ്പുള്ള കാലയളവിലെ സെയിൽ ടാക്സ് ഒഴിവാക്കികൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകൽ |
| 4 | ഖാദി ബോർഡ് മുന്പ് നടപ്പാക്കിയിരുന്ന വായ്പാ പദ്ധതികളായ സി.ബി.സി, പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്തവർ ബാധ്യത പൂർണ്ണമായും അടച്ച് തീർക്കുന്ന പക്ഷം ഖാദി ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള ആധാരം തിരികെ നൽകൽ. |

## 3. ചുവടെ ചേർക്കുന്ന സേവനങ്ങൾ നൽകുകയെന്നതാണ് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ലക്ഷ്യം

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സമയ പരിധി | അഭിപ്രായം |
|---|---|---|---|
| 1 | പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി | | |
| | (i) അപേക്ഷ സ്വീകരിച്ച് ജില്ലാതല ടാസ്ക് ഫോഴ്സ് സമിതി മുമ്പാകെ സമർപ്പിക്കൽ. | 30 ദിവസം | |
| | (ii) സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കുന്നത് | വായ്പയുടെ ഒന്നാം ഗഡു നൽകിയ ശേഷം | |
| | (iii) മാർജിൻ മണി (സബ്സിഡി) സംരംഭകരുടെ വായ്പ അക്കൌണ്ടിൽ അഡ്ജസ്റ്റ് ചെയ്യുന്നത് | വായ്പയുടെ ഒന്നാം ഗഡു നൽകി 3 വർഷം കഴിഞ്ഞ ഉടൻ | |
| 2 | എന്റെ ഗ്രാമം | | |
| | (i) സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കുന്നത് | വായ്പയുടെ ഒന്നാം ഗഡു നൽകിയ ഉടൻ | |
| | (ii) മാർജിൻ മണി (സബ്സിഡി) സംരംഭകരുടെ വായ്പ അക്കൌണ്ടിൽ അഡ്ജസ്റ്റ് ചെയ്യുന്നത് | വായ്പയുടെ രണ്ടാം ഗഡു നൽകി 2 വർഷം കഴിഞ്ഞ ഉടൻ | |

| | | | |
|---|---|---|---|
| 3 | ജി.എസ്.ടി യ്ക്ക് മുമ്പുള്ള സെയിൽ ടാക്സ് ഒഴിവാക്കികൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകൽ. | 7 ദിവസം | |
| 4 | സി.ബി.സി, പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്ത് ഖാദി ബോർഡിന് പണയപ്പെടുത്തിയിട്ടുള്ള ആധാരം ബാധ്യത പൂർണ്ണമായും അടച്ച തീർക്കുന്ന പക്ഷം തിരികെ നൽകൽ. | 15 ദിവസം | |

**4. വിവരങ്ങൾ ലഭ്യമാകുവാൻ-**

**ചുവടെയുള്ള ബോർഡ് ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.**

| ലഭിക്കുന്ന വിവരം | ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും | കാര്യാലയത്തിന്റെ വിലാസം | ടെലഫോൺ |
|---|---|---|---|
| ഖാദി ഗ്രാമ വ്യവസായങ്ങളെ സംബന്ധിക്കുന്ന പദ്ധതികളും പരിപാടികളും | ശ്രീ.ടി.വി.കൃഷ്ണകുമാർ, സെക്രട്ടറി | വഞ്ചിയൂർ, തിരുവനന്തപുരം | 0471-2471696<br>secretary@kkvib.org<br>ഫാക്സ്:0471-2476525 |

**ബോർഡിൽ നിന്നും ലഭ്യമാകുന്ന ഫോറങ്ങൾ**

| **ഫോമിന്റെ പേര്** | **ഫീസ്** | **ലഭിക്കുന്ന സ്ഥലം** |
|---|---|---|
| പി.എം.ഇ.ജി.പി. അപേക്ഷാഫോറം | ഫീസില്ല | ഓൺലൈൻ |
| എന്റെ ഗ്രാമം | ഫീസില്ല | ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയങ്ങൾ |

**5. ഓഫീസ് സമയം കഴിഞ്ഞും വിവരങ്ങൾ ലഭിക്കാൻ :- ശ്രീ.കെ.എസ്. പ്രദീപ്കുമാർ,**
**ഡയറക്ടർ (ഭരണവിഭാഗം)**
**ഫോൺ -9497620740**

## പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

ബോർഡില്  എല്ലാ ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങൾക്ക് സഹായകരമായ സേവനം ലഭ്യാകുന്നതാണ്. മേൽ പ്രസ്താവിച്ച സേവനം ലഭ്യമാകുന്നതിൽ എന്തെങ്കിലും പരാതിയുള്ളവർക്ക്

താഴെ പറയുന്ന വിലാസത്തിൽ അവരുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്

| പേരും ഉദ്യോഗപേരും | വിലാസം | ടെലിഫോൺ/ഫാക്സ്/ഇ-മെയിൽ |
|---|---|---|
| റ്റി.വി.കൃഷ്ണകുമാർ<br>സെക്രട്ടറി,കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് | വഞ്ചിയൂർ ,<br>തിരുവനന്തപുരം | 0471-2471695<br>secretary@kkvib.org<br>ഫാക്സ്: 0471-2479525 |

പരാതികൾ ലഭിച്ചുകഴിഞ്ഞാൽ ഉടനെ സ്വീകരിച്ചതായുള്ള രസീതും, പരാതി സംബന്ധിച്ച് കൈക്കൊണ്ട നടപടിവിവരങ്ങളുടെ അന്തിമ രൂപം 15 ദിവസത്തിനുള്ളിലും അറിയിക്കുന്നതാണ്.

6. ഉപഭോക്താക്കളുമായുള്ള കൂടിക്കാഴ്ച.

ഉപഭോക്താക്കളിൽ നിന്നും നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

ഉപഭോക്താക്കളുമായി നിരന്തരമായ കൂടിക്കാഴ്ചകൾ സംഘടിപ്പിക്കുന്നതാണ്. ആയതിന് തയ്യാറുള്ളവർക്ക് ബോർഡുമായി നേരിട്ടോ മേൽ വെബ് വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

7. താഴെ പറയുന്ന കാര്യത്തിൽ ഉപഭോക്താക്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

പൌരാവകാശരേഖ യുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ഉപഭോക്താവും ബോർഡും തമ്മിലുള്ള സംയുക്തപരിശ്രമം അനിവാര്യമാണ്. ആയതിനാൽ മേൽ പറഞ്ഞ വിഷയങ്ങളിൽ ഉപഭോക്താക്കളുടെ സഹായം അഭ്യർത്ഥിക്കുന്നു.

8. ഗൈഡ് ബുക്ക്/ഹാൻഡ് ബുക്ക്/ കൺസ്യൂമർ ഹെൽപ് ലൈൻ

ഉപഭോക്താക്കളുടെ ബോധവൽക്കരണത്തിനായി ബോർഡ് കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ബോർഡിലെ ഇൻഫർമേഷൻ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

ബോർഡിന്റെ ഹെൽപ് ലൈൻ നമ്പർ 0471-2471696.2471695

ബോർഡിന്റെ കസ്റ്റമർ ഇൻഫർമേഷൻ സെന്റർ തിരുവനന്തപുത്ത് പ്രവർത്തിക്കുന്നു. ഫോൺ നമ്പർ-0471-2471696,2471695

പ്രസ്തുത സേവനവ്യവസ്ഥകളിൽ കാലാകാലമുണ്ടാകുന്ന മാറ്റങ്ങൾ പൌരാവകാശരേഖയിലും യഥാസമയത്ത് വ്യത്യാസപ്പെടുത്തുന്നതിന് ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ഈ പൌരാവകാശ രേഖ വിജയിപ്പിക്കുന്നതിന് എല്ലാവരും പങ്കാളികളാവുക.

ഒപ്പ്

സെക്രട്ടറി